24045418

**QP CODE: 24045418**

**Reg No** : .....................

**Name** : .....................

## MA DEGREE ( CSS) EXAMINATION, DECEMBER 2024

**First Semester**

M A MALAYALAM

**CORE - ML010104 - SAHITHYARACHANASANKETHANGAL**

2019 ADMISSION ONWARDS

8B8F1E7D

Time: 3 Hours Weightage: 30

**Part A (Short Answer Questions)**

*Answer any **eight** questions.*

*Weight **1** each.*

1. പ്രാചീനചമ്പുക്കളും മധ്യകാലചമ്പുക്കളും പുലർത്തുന്ന സാജാത്യവൈജാത്യങ്ങൾ വിശകലനംചെയ്യുക.
2. ഭാവഗീതസ്വഭാവമുള്ള കവിതകളിൽനിന്ന് ആഖ്യാനകവിത ഏതൊക്കെതരത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നു?
3. സാമാന്യം, വിശേഷം എന്നിവയെ അടിസ്ഥാനപ്പെടുത്തുന്ന ഒരു അലങ്കാരത്തെ പരിചയപ്പെടുത്തുക.
4. 'അഭിധയേയും ലക്ഷണയേയും അടിസ്ഥാനമാക്കി ധ്വനി സംഭവിക്കാം' - എങ്ങനെ?
5. പ്രഹസനം എന്നാലെന്ത്?
6. ഇമേജ് എന്നാലെന്ത്?
7. ബഹുലകം (Mode) എന്നാലെന്ത്?
8. പാരഡിക്ക് ആധുനികാനന്തര കവിതയിൽനിന്ന് രണ്ട് ഉദാഹരണങ്ങൾ എഴുതുക.
9. സമവൃത്തം എന്നാലെന്തെന്ന് വിശദീകരിക്കുക.
10. കുമാരനാശാനിലൂടെ ആധുനികകവിതയിൽ പ്രചാരംനേടിയ വൃത്തമാണ് അപരവക്ത്രം - ഉദാഹരണസഹിതം വിശദമാക്കുക.

(8×1=8 weightage)

**Part B (Short Essay/Problems)**

*Answer any **six** questions.*

*Weight **2** each.*

11. റൊമാൻസ്, നോവൽ എന്നിങ്ങനെയുള്ള പരമ്പരാഗത വിഭജനരീതിയെ പിൽക്കാല കഥാസാഹിത്യം അപ്രസക്തമാക്കുന്നുണ്ടോ? നിരീക്ഷിക്കുക.

12. ജീവചരിത്രവും ആത്മകഥയും തമ്മിൽ ആഖ്യാതാവ് എന്ന ഘടകത്തിന്റെ വ്യത്യാസം മാത്രമാണോ ഉള്ളത്? ആഖ്യാനപരമായ സവിശേഷതകളെ ഈ വ്യത്യാസം ഏതെങ്കിലുംതരത്തിൽ നിർണയിക്കുന്നുണ്ടോ?

13. 'അലങ്കാരങ്ങളും ഗുണങ്ങളും കവിതയ്ക്കു ശോഭജനിപ്പിക്കുന്നു' - പരിശോധിക്കുക.

14. അർത്ഥാലങ്കാരങ്ങൾക്ക് സമകാലികസാഹിത്യത്തിലുള്ള പ്രസക്തി പരിശോധിക്കുക.

15. 'ഒരേസമയത്തു വിഭിന്നങ്ങളും വിരുദ്ധങ്ങളുമായ അർത്ഥങ്ങൾ തോന്നിപ്പിക്കുന്ന പദഘടന, ഉപയോഗിക്കപ്പെടുന്ന സന്ദർഭത്തിൽ മാത്രം നിലനില്പുള്ള പുതിയപദങ്ങൾ' എന്നിങ്ങനെയുള്ള സവിശേഷതകൾ ഉൾക്കൊള്ളുന്നതാണ് പുതിയകവിതയെന്ന് അയ്യപ്പപ്പണിക്കർ ചൂണ്ടിക്കാണിക്കുന്നു. ഈ സാഹചര്യത്തിൽ അർത്ഥവ്യക്തി, കാന്തി തുടങ്ങിയ കാവ്യഗുണങ്ങളുടെ പ്രസക്തി വിലയിരുത്തുക.

16. കവിതാപ്രസ്ഥാനത്തിൽ ഊന്നൽ (Significance), സഞ്ചയം (Accumulation), വിവരണാത്മകവ്യവസ്ഥകൾ (DescriptiveSystems) എന്നിവയുടെ പങ്കെന്ത്?

17. വ്ലാഡിമർ പ്രോപ്പ് നാടോടിക്കഥകളെ വിശകലനം ചെയ്യുന്നതെങ്ങനെ?

18. അഞ്ചുമാത്രയെ അടിസ്ഥാനപ്പെടുത്തുന്നവയാണ് കാകളിയുടെ ഉപവിഭാഗങ്ങളായി വരുന്ന വൃത്തങ്ങളെല്ലാംതന്നെ - ശരിയോ?

(6×2=12 weightage)

**Part C (Essay Type Questions)**

*Answer any **two** questions.*

*Weight **5** each.*

19. ശബ്ദം, അർത്ഥം എന്നീ അടിസ്ഥാനഘടകങ്ങളെ മുൻനിർത്തി കാവ്യരചനയിൽ വിവിധ അലങ്കാരങ്ങളെ നിർമ്മിക്കുന്നതിലുള്ള ഔചിത്യം പരിശോധിക്കുക.

20. 'അധീശസംസ്കാരത്തിലെ സാഹിത്യപ്രയോഗങ്ങൾ ഇതരസംസ്കാരങ്ങളിലേക്ക് ചേക്കേറുന്നത് പ്രസ്ഥാനങ്ങളായല്ല, പ്രത്യയശാസ്ത്രങ്ങളായാണ് ' - സിംബലിസം, ഇമേജിസം തുടങ്ങിയ പ്രസ്ഥാനങ്ങളെ മലയാളത്തിലെ ആധുനികകവിതയുടെ സാഹചര്യത്തിൽ വിലയിരുത്തുക.

21. ആഖ്യാനശാസ്ത്രത്തിന്റെ അടിസ്ഥാന സങ്കേതങ്ങൾ ഉദാഹരണസഹിതം വിശദമാക്കുക.

22. ഭാഷാവൃത്തങ്ങൾക്ക് രൂപഭേദംവരുത്തിയും നാടോടിപ്പാട്ടുകളിൽനിന്ന് മാതൃകകൾ കണ്ടെത്തിയും 20-ാം നൂറ്റാണ്ടിലെ കവിതയിൽ പ്രചാരത്തിൽവന്ന വിവധ താളക്രമങ്ങൾ ഉദാഹരണസഹിതം വിവരിക്കുക.

(2×5=10 weightage)